## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്- വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാധാ)നം. 524/2015/സാ.നീ.വ. തീയതി. 18.08.2015
2. ഈ കാര്യാലയത്തിലെ 12.08.2021 ലെ WEC2-13074/2021 നമ്പർ പരിപത്രം
3. കൊല്ലം DWCDO യുടെ 23/03/2022, 24/03/2022, 25/03/2022 തീയതിയിലെ DWCDO-D/1050/2021 നം. കത്തുകൾ
4. ഇടുക്കി DWCDO യുടെ 22/03/2022 ലെ DWCDO/IDK/A2-1327/2021 നം. കത്ത്
5. എറണാകുളം DWCDO യുടെ 23/02/2022, 18/03/2022 തീയതികളിലെ WCD/EKM/A1/1384/21 നം.കത്തുകൾ
6. കാസർഗോഡ് DWCDO യുടെ 14/03/2022 ലെ DWCDO/KSD/A3-1316/21 നം.കത്ത്

===========================================================================

ഉത്തരവ് നം. WEC-2/13074/21 തീയതി : 26.03.2022.

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം 2021-22 വർഷം ധനസഹായം അനുവദിച്ച് നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം DWCDO മാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ തലത്തിൽ ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ പരാമർശം 3 മുതൽ 6 വരെ ശുപാർശ സമർപ്പിക്കുകയും ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിക്കുന്നതിന് അപേക്ഷിക്കുകകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കൊല്ലം | 22 | 141000 |
| 2 | ഇടുക്കി | 1 | 10000 |
| 3 | എറണാകുളം | 14 | 69000 |
| 4 | കാസർഗോഡ് | 3 | 17500 |
| | **ആകെ** | **40** | 237500 |
| (രണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) | | | |



Sk/

മേൽ വിവരിച്ച സാഹചര്യത്തിൽ വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി 237,500/-രൂപ (രണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ഇനത്തിൽ ചെലവ് വരുന്ന 237,500/-രൂപ (രണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, കൊല്ലം, ഇടുക്കി, എറണാകുളം, കാസർഗോഡ്

**പകർപ്പ്**

(1) സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)

(2) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്



Sk/